# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025-2026

### ജി.എം.എൽ.പി സ്കൂൾ
### ഇരുമ്പുഴി

# ഉള്ളടക്കം


* PROFILE
* ആമുഖം
* അവസ്ഥാവിശകലനം
* വിദ്യാലയ വികസന കാഴ്ചപ്പാട്
* വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും
* അക്കാദമിക അവസ്ഥ
* അക്കാദമിക മാസ്റ്റർ പ്ലാനിൽ തയ്യാറാക്കിയ പ്രവർത്തനങ്ങൾ
* പഠന പോഷണ പരിപാടി
* പ്രവർത്തന കലണ്ടർ
* ദിനാചരണങ്ങൾ

# PROFILE

Name of school : GMLPS IRUMBUZHI

Name of revenue Village : ANAKKAYAM

Name of cluster (CRC) : IRUMBUZHI

Name of Panjayath : ANAKKAYAM

Name of Block : MALAPPURAM

Name of District : MALAPPURAM

Name of HM with Mobile phone number : SINI. SS 9496729773

Name of Post office with Pincode : IRUMBUZHI-676509

# ആമുഖം

## സ്കൂൾ ചരിത്രം

മലപ്പുറം ജില്ലയിൽ ആനക്കയം പഞ്ചായത്തിൽ ഇരുമ്പുഴിയിലെ ആദ്യ സ്കൂളാണ് ജി.എം. എൽ. പി സ്കൂൾ ഇരുമ്പുഴി. ഓത്തു പള്ളിക്കൂടത്തിൽ തുടങ്ങി 1924 ബോർഡ് മാപ്പിള എലിമെന്ററി സ്കൂൾ എന്ന പേരിൽ വ്യവസ്ഥാപിതമായി. കെ. കുഞ്ഞാലി മാസ്റ്റർ ഏകാധ്യാപകനായി തുടങ്ങിയതായിരുന്നു ഈ വിദ്യാലയം. അന്നത്തെ വിദ്യാഭ്യാസ ബോർഡ് കൗൺസിലർ ആയിരുന്ന വല്ലാഞ്ചിറ കുഞ്ഞുമോൻ ഹാജിയുടെ പ്രത്യേക താൽപര്യപ്രകാരമാണ് സ്കൂളിന് ഒരു കെട്ടിടം തയ്യാറാക്കിയത്. വർഷങ്ങളോളം പഴക്കമുള്ള ആ കെട്ടിടത്തിന് പകരം ഇന്ന് 2 നിലകളിലായി പുതിയ കെട്ടിടം നിലനിൽക്കുന്നുണ്ട്.

2010 ലാണ് ഈ സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും എന്ന സ്വപ്നം പൂവണിഞ്ഞത്. നാട്ടുകാരുടെ സഹായങ്ങളോടെയും, പിടിഎയുടേയും, സ്കൂൾ വികസന സമിതിയുടെയും സജീവ പ്രവർത്തന

ഫലമായി 26.8 സെന്റ് സ്ഥലം പള്ളി കമ്മിറ്റിയിൽ നിന്ന് വിലക്ക് വാങ്ങി. തുടർന്ന് SSA, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി 4 ക്ലാസ്റൂം ഉള്ള കെട്ടിടം സ്വന്തമാക്കി. സ്വന്തമായി കിണറുമുണ്ട്. വിദ്യാലയത്തിന് ചുറ്റും ചുറ്റുമതിൽ കെട്ടിയിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ മുകളിൽ 2 നിലകളിലായി ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടും MLA ആസ്തി വികസനഫണ്ടും ഉപയോഗപ്പെടുത്തി 4 ക്ലാസ്റൂമുകളും, 1 ഹാളും പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. മുകൾ നിലയിലെ ഹാൾ ഷീറ്റിട്ട് വേർതിരിച്ച് ക്ലാസ് മുറികളിലായി ഉപയോഗിക്കുന്ന അവസ്ഥയിലാണ് പണി കഴിച്ചി-ട്ടുള്ളത്.

# അവസ്ഥാവിശകലനം

## നിലവിലെ അവസ്ഥ

### ഭൗതികം :

ഓഫീസ് മുറി ഉൾപ്പെടെ ചുമർ കെട്ടി വേർതിരിച്ച 8 ക്ലാസ് മുറികളും ഷീറ്റിട്ട് വേർതിരിച്ച 4 ക്ലാസ്മുറികളും ഉൾക്കൊള്ളുന്ന 2 നിലകളുള്ള പുതിയ കെട്ടിടം നിലവിൽ പ്രവർത്തന സജ്ജമാണ്. അതിൽ ആധുനിക രീതിയിൽ സജ്ജീകരിച്ച ഒരു സ്മാർട്ട് ക്ലാസ് മുറിയും നിലവിൽ ഉണ്ട്. സ്കൂളിന് മുറ്റവും ചുറ്റുമതിലും ഗേറ്റുമുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്‌ലറ്റ് സംവിധാനം സ്വന്തമായി ഉണ്ട്. സ്കൂളിന്റെ പുതിയ 3 നില കെട്ടിടം മുഴുവനായും വൈദ്യുതീകരിച്ചിട്ടുണ്ട്. സ്വന്തമായി ഒരു കിണറും ഒരു പാചകപ്പുരയുമുണ്ട്.

പ്രവർത്തനക്ഷമമായ ഒരു ഡെസ്ക്ടോപ്പും, 8 ലാപ്ടോപ്പുകളും 4 LCD പ്രൊജക്ടറും ഒരു പ്രിന്ററും നിലവിലുണ്ട്. പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ 4 ക്ലാസ്മുറികളിൽ LCD TV യും, പഞ്ചായത്ത് ഫണ്ട്

ഉപയോഗിച്ച് 4 സ്മാർട്ട് TV യും സ്ഥാപിച്ചിട്ടുണ്ട്.
3 ലാപ്ടോപ്പുകളും ഒരു LCD പ്രൊജക്ടറും, രണ്ട് ഗ്രീൻ ബോർഡ് സജ്ജീകരിച്ചിരിക്കുന്നു.
ആയിരത്തിലധികം സ്കൂൾ ലൈബ്രറി പുസ്തകങ്ങളും ഏകദേശം 500 ക്ലാസ് ലൈബ്രറി പുസ്തകങ്ങളും സ്വന്തമായുണ്ട്. വിദ്യാലയത്തിന് സ്വന്തമായി കളിസ്ഥലമില്ല.
കുട്ടികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകാൻ പര്യാപ്തമായ കമ്പ്യൂട്ടർ സംവിധാനവും സജ്ജീകരിക്കേണ്ടതുണ്ട്. കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി ഒരു ചിൽഡ്രൻസ് പാർക്കും സ്വപ്ന പദ്ധതികളായി അവശേഷിക്കുന്നു. കൂടാതെ വിവിധ പ്രദേശങ്ങളിൽ നിന്നും സ്കൂളിലേക്ക് കുട്ടികളെ എത്തിക്കാൻ സ്കൂളിന് സ്വന്തമായി ഒരു വാഹന സൗകര്യം വിദ്യാലയത്തിന്റെ ആവശ്യത്തിലുൾപ്പെടുന്നു.

## അക്കാദമികം

2025 - 26 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിൽ 255 കുട്ടികളാണ് പഠിക്കുന്നത്. അതിൽ 119 ആൺകുട്ടികളും, 136 പെൺകുട്ടികളുമാണ്.
ഒരു HM തസ്തികയും HTV ഉൾപ്പെടെ 13 അധ്യാപക തസ്തികകളും 1 PTCM തസ്തികയുമാണ് നമ്മുടെ

സ്കൂളിൽ നിലവിലുള്ളത്

2024-25 അധ്യയന വർഷത്തിൽ നേടിയ LSS വിജയം. 30 പേർ പരീക്ഷ എഴുതിയതിൽ 8 പേർ വിജയം നേടി. സ്മാർട്ട് ക്ലാസ്സും, വേർതിരിച്ച ക്ലാസ് മുറികളോട് കൂടിയ കെട്ടിടങ്ങൾ, ഇന്റർലോക്ക് വിരിച്ച ഓഡിറ്റോറിയം എന്നിവ ഒന്നാം ക്ലാസിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടിയതിന് കാരണമായി.

ഡിജിറ്റൽ രംഗത്ത് മുന്നേറിയ അധ്യാപകരും കുട്ടികളുമാണ് ഈ അധ്യായന വർഷത്തിന്റെ പ്രത്യേകത. 101-ാം വാർഷികാഘോഷമായ റിഥം 2K25 ന്റെ ഭാഗമായി സ്കൂളിൽ നടപ്പിലാക്കിയ വികസനങ്ങളും, 100-ാം വാർഷികാഘോഷമായ ശതപ്പകിട്ട് 2K24 ന്റെ ഭാഗമായി പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തിൽ നടപ്പിലാക്കിയ മറ്റു വികസനങ്ങളുമാണ് മറ്റൊരു പ്രത്യേകത. കുട്ടികളിലെ പഠന വിടവ് നികത്താൻ കുട്ടികളുടെ ഒപ്പം നിന്ന് പ്രവർത്തിക്കാൻ അധ്യാപകർ മുൻകൈയെടുക്കും. കുട്ടികളുടെ അക്കാദമിക തലം

# വിദ്യാലയ വികസന കാഴ്ചപ്പാട്

"ആരോഗ്യകരമായ പൊതുവിദ്യാഭ്യാസം സമൂഹ നന്മയ്ക്ക്" എന്ന മഹത്തായ ആശയം ഉൾക്കൊണ്ട് ആധുനിക ജീവിതത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്ത് കൊണ്ടും ജീവിത മൂല്യങ്ങൾ കാത്ത് സൂക്ഷിച്ച് കൊണ്ടും, വളർന്ന് വരേണ്ട മക്കൾ! അതായിരിക്കട്ടെ ഈ വിദ്യാലയത്തിന്റെ വികസന കാഴ്ചപ്പാട്.

അതിശയപരമായ ധാരാളം കാര്യങ്ങൾ ഗവൺമെന്റ് ഏജൻസികളിൽ നിന്നും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും, നിയോജക മണ്ഡലം MLA യിൽ നിന്നും നമുക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 100-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന് മുകളിലത്തെ നിലയിലേക്ക് 5 ഫാനും, സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് 4 ഫാനും സ്കൂൾ കിണർ മണ്ണ് നീക്കം ചെയ്ത് റിംഗ് ഇറക്കി കൂടുതൽ ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇതിലെല്ലാം പൂർവ്വ വിദ്യാർത്ഥികളുടെ പങ്ക് പ്രശംസനീയമാണ്. കൂടാതെ കുട്ടികൾക്ക് കുടിവെള്ളത്തിനായി വാട്ടർ പ്യൂരിഫയറും സ്പോൺസർ ചെയ്തിട്ടുണ്ട്. ഇപ്പോൾ അക്കാദമിക രംഗത്ത് നമ്മുടെ വിദ്യാലയം ഉപജില്ലയിൽ തന്നെ മികച്ച സ്കൂളുകളിൽ ഒന്നാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ മേഖലകളിലും സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. വിവിധ മേഖലകളിലുള്ള വിദഗ്ധരുടെ സേവനം, ഉച്ചഭക്ഷണം, ദിനാചരണങ്ങൾ, മേളകൾ, സ്കൂൾ വാർഷികം തുടങ്ങിയവയിൽ ഗുണപരമായി പ്രവർത്തിച്ച് നാടിന്റെ തന്നെ വികസനം വിദ്യാലയത്തിലൂടെ സാധ്യമാക്കാം. എല്ലാത്തിനുമുപരി പഠന രംഗത്തും, പാഠ്യേതര രംഗത്തും മികച്ച നേട്ടങ്ങൾ കൈവരിക്കേണ്ടതുമുണ്ട്. അതിനായി ഒരു നല്ല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് ആവശ്യമാണ്.

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

## ശക്തി :

1. വിദ്യാലയ വികസന സമിതി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പിടിഎ, എം.പിടിഎ തുടങ്ങിയ സപ്പോർട്ടിങ് ഗ്രൂപ്പുകളുടെ ആത്മാർത്ഥമായ സഹകരണം, സന്ദർഭോചിതമായ ഇടപെടൽ എന്നിവ സ്കൂൾ പ്രവർത്തനങ്ങൾക്ക് കരുത്ത് നൽകുന്നു.

2. എല്ലാ മീറ്റിംഗുകളിലും പങ്കെടുക്കുകയും കുട്ടികളുടെ പഠന കാര്യത്തിൽ താത്പര്യപൂർവ്വം ഇടപെടുകയും ചെയ്യുന്ന രക്ഷിതാക്കൾ.

3. കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്ക് പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കുന്ന അധ്യാപകർ.

4. ക്ലബ്ബുകളുടെ സഹകരണം, പൂർവ്വ വിദ്യാർത്ഥികൾ നയിക്കുന്ന വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

5. പുതിയ കെട്ടിടം, അതിലെ വൈദ്യുതീകരിച്ച ക്ലാസ് റൂമുകൾ, സ്മാർട്ട് ക്ലാസ്റൂം തുടങ്ങിയ ഭൗതിക സംവിധാനങ്ങൾ സ്കൂളിന്റെ വളർച്ചയ്ക്ക് ഉതകുന്നു

പരിമിതികൾ :

1. സ്കൂളിന് സ്വന്തമായി പ്രീ- പ്രൈമറി ഇല്ലാത്തത്.
2. കുട്ടികൾക്ക് സ്കൂളിലേക്ക് വരാനും പോകാനും സ്കൂൾ ബസ് സംവിധാനം ഇല്ലാത്തതും മറ്റൊരു പരിമിതിയാണ്.
3. സ്കൂളിന് കളിസ്ഥലമില്ലാത്തത്.

സാധ്യതകൾ :

1. സ്കൂളിന് സ്വന്തമായി പ്രീ- പ്രൈമറി തുടങ്ങണം.
2. സ്കൂളിന് സ്വന്തമായി വാഹന സൗകര്യം ഉണ്ടാവണം.
3. സ്കൂളിന്റെ പരിസര പ്രദേശത്തു നിന്ന കളിസ്ഥലത്തിന് വേണ്ട സ്ഥലം വാങ്ങണം.

## ഭീഷണി :

സ്വന്തമായി പ്രീ പ്രൈമറിയും, വാഹന സൗകര്യവും ഇല്ലാത്തത്, കുട്ടികൾക്ക് കളിസ്ഥലമില്ലാത്തത് എന്നിവ സ്കൂളിന്റെ വളർച്ചയ്ക്ക് ഭീഷണിയാണ്.

# അക്കാദമിക അവസ്ഥ

## കുട്ടികൾ :

സമൂഹത്തിലെ സാധാരണക്കാരായ രക്ഷിതാക്കളുടെ മക്കൾ മാത്രം പഠിക്കുന്ന വിദ്യാലയം ആയത് കൊണ്ട് രക്ഷിതാക്കളിൽ നിന്ന് പഠന പിന്തുണ പൂർണ്ണമായും ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. എന്നാൽ ക്ലാസ് റൂമിൽ നിന്നു കിട്ടുന്ന പഠന പിന്തുണ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന കുട്ടികളാണ് അധികവും. തുടർച്ചയായ LSS പരീക്ഷകളിലെ സ്കൂളിന്റെ വിജയം അതിന്റെ ഉദാഹരണമാണ്.

## അധ്യാപകർ :

കുട്ടികളുടെ പശ്ചാത്തലവും പഠന നിലവാരവും മനസ്സിലാക്കി നല്ല രീതിയിൽ അക്കാദമിക പ്രവർത്തനങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നവരാണ് ഇവിടത്തെ അധ്യാപകർ. കിട്ടാവുന്ന എല്ലാ വിഭവങ്ങളും പരമാവധി പഠനോപകരണങ്ങളും ഉപയോഗപ്പെടുത്തി

കൊണ്ട് ധാരാളം പരിമിതികൾക്കിടയിലും സാധാരണക്കാരായ കുട്ടികളെ LSS പോലുള്ള മത്സര പരീക്ഷകളിൽ വിജയത്തിലെത്തിക്കാൻ കഴിയുന്ന അധ്യാപക കൂട്ടായ്മ. LSS പരിശീലനം, ക്ലാസ് പിടിഎ, വായനസഭ തുടങ്ങിയവ വളരെ ഭംഗിയോടെ നിർവ്വഹിക്കാൻ അധ്യാപകർക്ക് കഴിഞ്ഞു.

സാമൂഹ്യ പങ്കാളിത്തം :

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പിടിഎ, എം ടി എ, എസ് എം സി, സ്കൂൾ വികസനസമിതി എന്നീ കമ്മിറ്റികളുടെ സജീവ പങ്കാളിത്തം ഉണ്ട്. പൂർവ്വ വിദ്യാർത്ഥികൾ നയിക്കുന്ന പ്രദേശത്തെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനവും സഹകരണവും സ്കൂളിന് വളരെയധികം ലഭിക്കുന്നുണ്ട്. 100-ാം വാർഷികാഘോഷത്തിന്റെ ഭാഗമായിട്ടുള്ള മറ്റു സംഭാവനകളും വളരെ പ്രശംസനീയമാണ്. ഓണാഘോഷം, പ്രവേശനോത്സവം, സ്കൂൾ വാർഷികം, സ്വാതന്ത്ര്യദിനം തുടങ്ങിയവ പൂർണമായും എവരുടെയൊക്കെ സഹകരണത്തോടെ നടത്തുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാനിൽ തയ്യാറാക്കിയ പ്രവർത്തനങ്ങൾ

## 1. ജൈവ വൈവിധ്യോദ്യാനം (തനത് പ്രവർത്തനം)

കുട്ടികളെ പ്രകൃതിയോടിണങ്ങി ജീവിക്കാൻ പ്രാപ്തരാക്കുന്നതിന് വേണ്ടി തിരഞ്ഞെടുത്ത പ്രവർത്തനമാണ് ജൈവ വൈവിധ്യോദ്യാനം. സ്കൂൾ ഉദ്യാനം ഓരോ ക്ലാസിനും വിഭജിച്ച് നൽകുകയും അത് പരിപാലിക്കുകയും ചെയ്യുന്ന പ്രവർത്തനം.

## 2. Parenting class

വിവിധ മേഖലയിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി-യുള്ള Parenting class ലൂടെ രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠന കാര്യങ്ങളിൽ കൂടുതൽ പിന്തുണ നൽകാൻ കഴിയും.

## 3. വിജയസ്പർശം

പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുന്നോക്കാവസ്ഥയിലെത്തിക്കുക , എല്ലാ കുട്ടികൾക്കും

## 4. വായിച്ചു വളരാം

അക്ഷര വ്യക്തതയോടെയുള്ള വായന, ഭാവാത്മക വായന, ശബ്ദ വിന്യാസം ഉൾക്കൊണ്ടുള്ള വായന, മൈക്കിൽ വായന.

## 5. എഴുത്തുകൂട്ടം

ലേഖനത്തിന് പ്രാധാന്യം നൽകുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം.

## 6. Journey To Earn Mathematical Skills (JEMMS)

ഗണിതാശയങ്ങളും വസ്തുതകളും കുട്ടികളിലെത്തിക്കുക. എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുക.

## 7. Gain English

English Enrichment Programme.

## 8. Mega Quiz

ദൈനം ദിന ക്വിസ്, മാസാന്ത്യ ക്വിസ്, മെഗാ ക്വിസ് എന്നിവയിലൂടെ കുട്ടികളെ പൊതു വിജ്ഞാനത്തിൽ മിടുക്കരാക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനം.

## 9. കുതിപ്പ് 2025-26

കായിക പരിശീലനം, Aerobics, Massdrill, Football പരിശീലനം. കുട്ടികളുടെ കായികപരമായ വികസനം ലക്ഷ്യമിട്ട് കൊണ്ടുള്ള പ്രവർത്തനം.

# പഠന പോഷണ പരിപാടി

പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുന്നോക്കാവസ്ഥയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പഠന പോഷണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിൽ ഭാഷാപരമായ പരിപോഷണം, വായന, എഴുത്ത്, മറ്റു വിഷയങ്ങളിലെ അടിസ്ഥാന കാര്യങ്ങൾ, വസ്തുതകൾ എന്നിവ എല്ലാ കുട്ടികൾക്കും നേടാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## 1. വിജയസ്പർശം

ലക്ഷ്യം:

* പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുന്നിലെത്തിക്കുക.
* എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കൽ
* പഠനപ്രക്രിയയിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പാക്കൽ.

## പ്രവർത്തനങ്ങൾ

* പ്രീ ടെസ്റ്റ് നടത്തുക.
* കാരണം കണ്ടെത്തുന്നു.
* നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
* പഠന പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്യുന്നു.
* വർക്ക്ഷീറ്റ്, പഠനോപകരണങ്ങൾ ഇവ തയ്യാറാക്കുന്നു.
* ദിവസവും ഒരു മണിക്കൂർ പരിശീലനം.
* കുട്ടികളെ അധ്യാപകർ ദത്തെടുക്കുന്നു.
* കുട്ടികളുടെ നിലവാരം ഇടക്കിടെ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
* പോസ്റ്റ് ടെസ്റ്റ് മൂല്യനിർണയം.
* മികച്ചവർക്ക് പ്രോത്സാഹനം നൽകുന്നു.

## 2. വായിച്ചു വളരാം

### ലക്ഷ്യം:

* അക്ഷര വ്യക്തതയോടെ വായിക്കുന്നതിന്.
* ഭാവാത്മകമായി ശബ്ദവിന്യാസം ഉൾക്കൊണ്ടുള്ള വായന

## പ്രവർത്തനങ്ങൾ

* മാതൃക വായന കേൾക്കാൻ അവസരം നൽകുന്നു.
* വായന കാർഡുകൾ തയ്യാറാക്കി നൽകുന്നു.
* എല്ലാ ദിവസവും ഉച്ചക്ക് 2 മണി മുതൽ 2.30 വരെ മൈക്കിലൂടെ വായിക്കാനവസരം നൽകുന്നു.
* ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.
* അസംബ്ലിയിൽ പത്രവായന.
* എല്ലാദിവസവും പത്രവായന.
* വായിച്ച പുസ്തകങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുന്നു.
* ക്ലാസ് ലൈബ്രറി ഉപയോഗപ്രദമാക്കുന്നു.
* വായന മത്സരം, ദിനാചരണ ക്വിസുകൾ, ദൈനം ദിന ക്വിസ്.
* ഡിജിറ്റൽ പാഠവായന.

## 3. എഴുത്തുകൂട്ടം

**ലക്ഷ്യം:**

* എല്ലാ കുട്ടികളെയും എഴുതാൻ പ്രാപ്തരാക്കുന്നു.
* അക്ഷരത്തെറ്റില്ലാതെയുള്ള ലേഖനം.

* വാക്യഘടനയോടു കൂടിയുള്ള ലേഖനം.
* സർഗാത്മക രചനയിലുള്ള വൈഭവം.

## പ്രവർത്തനങ്ങൾ

* വസ്തുക്കൾ, ചിത്രങ്ങൾ എന്നിവയെക്കുറിച്ചെഴുതിയ മാതൃകകൾ, കാണിക്കുന്നു.
* അനുഭവത്തിലുള്ള ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു.
* ആശയങ്ങൾ പറയുന്നതിനനുസരിച്ച് ലഘുവിവരണങ്ങൾ, ചെറുകവിതകൾ, കഥകൾ, അടിക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു
* ദിനാചരണങ്ങളിൽ എഴുത്തിന് പ്രാധാന്യം നൽകുന്നു.
* വിദ്യാരംഗം കലാസാഹിത്യവേദി ഉപയോഗപ്പെടുത്തുന്നു.
* ICT ഉപയോഗപ്പെടുത്തി കവിതകൾ, കഥകൾ, വിവരണങ്ങൾ എന്നിവ കേൾക്കാൻ അവസരം നൽകുന്നു.
* പതിപ്പുകൾ തയ്യാറാക്കുന്നു.

## 4. Gain English

### An English Enrichment Programme

**Aim :**

* Aiming all students to learn English by thinking and doing interesting activites.

## Activities

* All students should have an english class once a week.
* English day is celebrated once in a week.
* One day One English word
* An English Magazine will be Prepared at the end of the year.
* All students are divided into three groups as AVERAGE, ABOVE AVERAGE AND BELOW AVERAGE
* Gives seperate activities in each groups.

→ Above Average Students:- Making sentences, Re-arrange sentences, small description, conversations, spell the word etc.

→ Average:- Making word dictionary, comprehends passages, Narrating Pictures, Reading simple stories etc.

→ Below Average:- Identifying letters, word games, finding Missing letters and words.

# 5. Journey To Earn Mathematical Skills (JEMMS)

## ലക്ഷ്യം

* എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കുന്നു.
* ചതുഷ്ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുന്നു.
* അളവുകൾ, സമയങ്ങൾ എന്നിവയെ കുറിച്ചുള്ള ധാരണ ഉറപ്പിക്കുന്നു.
* ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുന്നു

## പ്രവർത്തനങ്ങൾ

* അബാക്കസ്, സംഖ്യാപോക്കറ്റ്, കൂട്ടങ്ങളാക്കൽ എന്നിവയിലൂടെ സംഖ്യാബോധം ഉറപ്പിക്കുന്നു.
* ഗണിതകിറ്റ് നിർമ്മിക്കുന്നു.
* ഗണിതക്കളികൾ
* കളിപ്പെട്ടി ഉപയോഗിച്ച് ഗണിതക്രിയകൾ ഉറപ്പിക്കുന്നു.
* വെദിക് മേള നടത്തുന്നു.
* ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു.
* ടാൻഗ്രാം, ഒറിഗാമി പ്രവർത്തനങ്ങൾ നടത്തുന്നു.

* പ്രാദേശിക പ്രശ്നങ്ങൾ ചെയ്യുന്നു.
* ഗണിത ശില്പശാലകൾ ഒരുക്കുന്നു.

* മനക്കണക്ക് :-

ആഴ്ചയിൽ ഒരു ദിവസം മനക്കണക്ക് ഉപയോഗിച്ച് ഗണിത ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള മത്സരം നടത്തുന്നു.

## 6. അറബിക് മധുരം

ലക്ഷ്യം :

അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കാനുള്ള പ്രത്യേക പരിപാടി.

പ്രവർത്തനങ്ങൾ :

* എഴുത്ത് , വായന
* Pre - Test
* കമ്പ്യൂട്ടറിൽ വലിയ അക്ഷരങ്ങൾ നൽകി Paint ഉപയോഗിച്ച് നിറം നൽകൽ.
* ലാപ്ടോപ്പിന്റെ സഹായത്തോടെ അക്ഷരങ്ങളി (Word Game) യിലൂടെ അധ്യാപകന്റെ മേൽനോട്ടത്തിൽ അറബിയിലെ അക്ഷരങ്ങൾ പഠിക്കുന്നു.

## 7. മെഗാ ക്വിസ്

ലക്ഷ്യം:

* കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കുക.

പ്രവർത്തനങ്ങൾ

സ്കൂൾതലം:- General Quiz ദിവസവും 3 ചോദ്യം വീതം 1&2, 3&4 എന്നിങ്ങനെ 2 സെറ്റാക്കി അസംബ്ലിയിൽ നൽകുന്നു.

ക്ലാസ് തലം:- * ഭാഷാ ക്വിസ്
* ഗണിത ക്വിസ്
* സയൻസ് ക്വിസ്
* ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ്

Big Master Quiz (Mega Quiz)
കുട്ടികൾക്ക് നൽകുന്ന ക്വിസ് ചോദ്യങ്ങൾ നോട്ബുക്കിൽ കുറിച്ച് വെക്കുന്നു. വർഷാവസാനം എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി Mega Quiz മത്സരം നടത്തുന്നു.

## 8. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം

ലക്ഷ്യം:

എല്ലാ കുട്ടികളിലും ശുചിത്വ ബോധം ഉണ്ടാക്കുന്നു.

## പ്രവർത്തനങ്ങൾ

* ജൈവ, അജൈവ പാഴ്‌വസ്തുക്കൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് പ്രത്യേകം ബിന്നുകൾ സ്ഥാപിക്കുകയും, അതിൽ തന്നെ നിക്ഷേപിക്കാനുള്ള ശീലം കുട്ടികളിൽ വളർത്തുകയും ചെയ്യുന്നു.

* പ്ലാസ്റ്റിക് കവറുകൾ, പാത്രങ്ങൾ, കുപ്പികൾ തുടങ്ങിയ പൂർണ്ണമായും ഒഴിവാക്കാൻ ശീലിപ്പിക്കുന്നു.

* പിറന്നാളാഘോഷത്തിലെ മിഠായികൾക്ക് പകരം സ്കൂളിലേക്കൊരു ചെടി നൽകൽ, പച്ചക്കറി നൽകൽ, ക്ലാസിലെ കുട്ടികൾക്ക് പെൻസിൽ പേന etc എന്നിവ നൽകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

* ജൈവ പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ പരിപാലിപ്പിക്കാനുള്ള ശീലം വളർത്തുന്നു.

* വൃത്തിയോടെ സ്വന്തം ക്ലാസുറൂമുകൾ സൂക്ഷിക്കാനുള്ള പ്രവണത കുട്ടികളിൽ വരുത്തുന്നു.

* മികച്ച ക്ലാസിന് പ്രത്യേക സമ്മാനം വർഷാവസാനം നൽകുന്നു.

## 9. കുറിപ്പ് 2025–2026

ലക്ഷ്യം:

* എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുന്നു.
* ആരോഗ്യ ശീലങ്ങൾ വളർത്തുക.

* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

## പ്രവർത്തനങ്ങൾ :

* സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മാസ്ഡ്രിൽ, മാർച്ച് പാസ്റ്റ്, എന്നിവയിൽ പ്രാഥമിക പരിശീലനം നൽകുക.
* ചെറിയ ക്ലാസ് മുതൽ തന്നെ ഫുട്ബോളിൽ പ്രാഥമിക പരിശീലനം നൽകുക.
* സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് വിപുലമായി സ്പോർട്സ് സംഘടിപ്പിക്കൽ

# പ്രവർത്തന കലണ്ടർ

ഭൗതികം :-

| പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം / സ്രോതസ്സ് |
|---|---|---|---|
| Play ground with childrens Park | | | |
| ഒന്നാം ക്ലാസ് ഒന്നാന്തരമാക്കൽ | | | |
| Furnitue (മേശ, കസേര) | | | |
| സ്കൂളിന് സ്വന്തം ബസ് | | | |
| അഞ്ചാം ക്ലാസ് | | | |

## സാമൂഹികം :

| പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം/ സ്രോതസ്സ് |
|---|---|---|---|
| ദിനാചരണങ്ങളിലെ പങ്കാളിത്തം | വർഷം മുഴുവൻ | അധ്യാപകർ/ PTA | |
| മേളകളിലെ പങ്കാളിത്തം | Aug- Nov | അധ്യാപകർ/ PTA | |
| സ്കൂൾ വാർഷികം | Jan-Mar | അധ്യാപകർ/ PTA | പൂർവ്വവിദ്യാർത്ഥികൾ/ ക്ലബ്ബുകൾ |

# ദിനാചരണങ്ങൾ

## ജൂൺ

* പ്രവേശനോത്സവം
* പരിസ്ഥിതി ദിനം - പച്ചക്കറി തോട്ടം, പൂന്തോട്ട നിർമ്മാണം
* ബലി പെരുന്നാൾ ആഘോഷം
* മലപ്പുറം ജില്ലാ രൂപീകരണ ദിനം
* വായന ദിനം - ദൈനംദിന ക്വിസ്, മൈക്കിൽ വായന
* ലഹരി വിരുദ്ധ ദിനം

## ജൂലൈ

* ബഷീർ ദിനം
* ചാന്ദ്ര ദിനം
* വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം
* സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്
* അലിഫ് ടാലന്റ് ടെസ്റ്റ്

## ആഗസ്റ്റ്

* ഹിരോഷിമ-നാഗസാക്കി ദിനം
* സ്വാതന്ത്ര്യ ദിനം
* ചിങ്ങം ഒന്ന് - കർഷക ദിനം
* ദേശീയ കായിക ദിനം

സെപ്റ്റംബർ

* അധ്യാപകദിനം
* സാക്ഷരതാ ദിനം
* ഓസോൺ ദിനം
* ഓണാഘോഷം
* ഓണപ്പരീക്ഷ

ഒക്ടോബർ

* ഗാന്ധി ജയന്തി - ശുചീകരണം
* CPTA മീറ്റിംഗ്
* സ്കൂൾ കലാ - കായിക മേളകൾ
* ലോക ഭക്ഷ്യ ദിനം - Food Fest

നവംബർ

* ലോക മണ്ണ് ദിനം
* മനുഷ്യാവകാശ ദിനം
* അറബി ഭാഷാദിനം
* ക്രിസ്തുമസ് ആഘോഷം
* ക്രിസ്തുമസ് പരീക്ഷ

ജനുവരി

* പുതുവത്സര ദിനം
* CPTA മീറ്റിംഗ്

* റിപ്പബ്ലിക് ദിനം
* രക്തസാക്ഷി ദിനം

ഫെബ്രുവരി

* മാതൃഭാഷാ ദിനം
* ദേശീയ ശാസ്ത്ര ദിനം

മാർച്ച്

* മെഗാ ക്വിസ് മത്സരം
* ലോക ജല ദിനം
* വിദ്യാലയ വാർഷികാഘോഷം - പഠനോത്സവം